കോങ്ങാട് പാമ്പൻതോട് പട്ടികവർഗ്ഗ കോളനിയിൽ ഒരു പി.എച്ച്.സി.

43 (4326) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) കോങ്ങാട് മണ്ഡലത്തിലുള്ള പാമ്പൻതോട് പട്ടികവർഗ്ഗ കോളനിയിൽ ഒരു പി.എച്ച്.സി. പോലുമില്ലെന്നുള്ള വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇവർ ആശ്രയിക്കുന്ന ഇവിടെനിന്നും ബഹുദൂരമുള്ള പി.എച്ച്.സി.യിൽ ഡോക്ടർമാർ ആഴ്ചയിലൊരിക്കൽപ്പോലും എത്താറില്ലെന്നുള്ള വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പാമ്പൻതോട് കോളനിയിൽ ഒരു പി.എച്ച്.സി. സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുമോ; ഇവിടെ ആഴ്ചയിലൊരിക്കലെങ്കിലും ഒരു ഡോക്ടറുടെ സേവനം ലഭ്യമാക്കുമോ;

(സി) ഇക്കാര്യത്തിൽ പാലക്കാട് ഡി.എം.ഒ.-ക്ക് ആവശ്യമായ നിർദ്ദേശം നൽകുമോ?

ഉത്തരം

(എ) പാമ്പൻതോട് കോളനി കാഞ്ഞിരപ്പുഴ പി.എച്ച്.സി. ഉൾപ്പെടുന്ന പ്രദേശമാണ്. പ്രസ്തുത കോളനിയിലെ ആകെ ജനസംഖ്യ 200 ആണ്. ഇവർ ആശ്രയിക്കുന്ന പി.എച്ച്.സി. യിൽ ഡോക്ടർമാർ എത്താറില്ല എന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) ആകെ ജനസംഖ്യ ഇരുന്നൂറ് മാത്രം ഉള്ള ഈ പ്രദേശത്ത് പി.എച്ച്.സി. സ്ഥാപിക്കുവാൻ സർക്കാരിന്റെ നിലവിലുള്ള വ്യവസ്ഥ പ്രകാരം കഴിയില്ല.

(സി) ബാധകമല്ല.

നെടുമ്പന കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിലെ ഡോക്ടർ തസ്തികയിലെ ഒഴിവുകൾ

44 (4327) ശ്രീ. എം. എ. ബേബി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) നെടുമ്പന കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിൽ എത്ര ഡോക്ടർമാരുടെ ഒഴിവുകൾ നികത്താനുണ്ട്;

(ബി) ഇതു സംബന്ധിച്ച് നൽകിയ നിവേദനത്തിന്മേൽ നാളിതുവരെ എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly